# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി7/1227/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 24/12/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി7/1227/2024 തീയ്യതി: 24/12/2024

**ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-09-2023 മുതൽ 12-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-12-2024 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2024 | 19-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2024 | 19-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ സലീഷ് എം.ജി., ഓഡിറ്റ് ഓഫീസർ
ശ്രീ അഭിലാഷ് എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സാമുവൽ രാജ് ആർ, , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അലി എ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ റെനീഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ പി ഹരിദാസ് | സെക്രട്ടറി | 01-04-2023 | 05-07-2023 |
| ശ്രീമതി കാഞ്ചന റ്റി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2023 | 12-11-2023 |
| ശ്രീ ശ്രീകുമാർ എം | സെക്രട്ടറി | 13-11-2023 | 21-03-2024 |
| ശ്രീമതി കാഞ്ചന റ്റി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ഷൈബി തോമസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷെറിൻ ആൻഡ്രൂസ് | അസി. എഞ്ചിനിയർ | 01-04-2023 | 11-07-2023 |
| ശ്രീ ഷാജി കെ.പി | അസി. എഞ്ചിനിയർ | 12-07-2023 | 31-03-2024 |
| ശ്രീമതി അഞ്ചു ജെ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി സിജി എം.എ | കൃഷി ഓഫീസർ | 01-04-2023 | 21-06-2023 |
| ശ്രീ ബിജു കെ.ഡി | കൃഷി ഓഫീസർ | 22-06-2023 | 31-03-2024 |
| ശ്രീമതി ഖദീജ കെ.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ ജിൻസ് കെ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സ്മിത കെ.ജി | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ ജെയ്ജീന ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി() | 01-04-2023 | 31-03-2024 |
| ശ്രീമതി കാഞ്ചന റ്റി.കെ | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ പ്രവീൺ ബി വിശ്വം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 24-11-2023 |
| ഡോ.അഞ്ജലി പി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25-11-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-5 |
| 7 | തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | പ്രതിമാസ ബാങ്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല | 1-1-8 |
| 10 | വായ്പ തുക ബി- 5,ബി-16 ഷെഡ്യൂളുകളിലെ തുകകളിൽ വ്യത്യാസം | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-11 |
| 13 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | വാർഷിക ധനകാര്യ പത്രികയിലെ ബാദ്ധ്യതാ തുകകളും അവയുടെ ആസ്തി തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-14 |
| 16 | PRIOR PERIOD ITEMS-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-15 |
| 17 | ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് തുക ഉൾപ്പടുത്തിയിട്ടില്ല | 1-1-16 |
| 18 | വാർഷിക കണക്കുകൾ പ്രകാരമുള്ള ലോൺ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 21 | ഗ്രാന്റ് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 24 | ക്ഷേമപെൻഷനുകൾ | 1-6 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | ₹1,48,655/- വാടക ഈടാക്കാൻ അവശേഷിക്കുന്നു | 1-9 |
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 29 | ലേലം - തുടർനടപടികൾ സംബന്ധിച്ച് | 1-11 |
| 30 | കെ.എസ്.ഇ.ബി. വാടക കുടിശിക ഈടാക്കിയില്ല | 1-12 |
| 31 | പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല | 1-13 |
| 32 | വസ്തുനികുതി പരിഷ്കരണം -തുടർനടപടികൾ | 1-14 |
| 33 | തൊഴിലുറപ്പ് പദ്ധതി - വാങ്ങലുകളിലെ അപാകങ്ങൾ | 1-15 |
| 34 | കെൽട്രോണിൽ നിന്നും ലാപ് ടോപ്,പ്രിന്റർ എന്നിവ ലഭ്യമായില്ല | 1-16 |
| 35 | ഐ കെ എം മെമ്പർഷിപ്പ് ഫീസ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-17 |
| 36 | പന്നിയാർകുട്ടി അംഗൻവാടി അറ്റകുറ്റപ്പണി,വാർഡ്-1 -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 37 | അസി.എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹനത്തിന് അനുവദിച്ച വാടകയിൽ നിന്നും ആദാനികുതി ഈടാക്കിയിട്ടില്ല | 1-19 |
| 38 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 39 | ഇന്റർ ലോക്ക് കട്ട പാകുന്ന പ്രവർത്തിയ്ക്ക് ബാധകമായ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് കരാറിൽ ഉൾപെടുത്തിയിട്ടില്ല. | 1-21 |
| 40 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ല. | 1-22 |
| 41 | പ്രിന്റിംഗ് ചാർജ്ജ് - ആദായനികുതി ഈടാക്കിയില്ല | 1-23 |
| 42 | വീട് മെയിന്റനൻസ്-(വനിത) ആവശ്യമായ രേഖകൾ ഇല്ലാതെ ധനസഹായം അനുവദിച്ചിരിക്കുന്നു | 1-24 |
| 43 | ആശ്രയ (അഗതിരഹിത കേരളം) പദ്ധതി -ഗണ്യമായ നീക്കിയിരിപ്പ് | 1-25 |
| 44 | പാലിയേറ്റീവ് കെയർ നടത്തിപ്പിലെ അപാകതകൾ | 1-26 |
| 45 | ഒരാളുടെ പേരിൽ ഒരു മാസം രണ്ട് ബില്ലുകൾ മാറി പണം നൽകി | 1-27 |
| 46 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകി | 1-28 |
| 47 | യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകിയില്ല. | 1-29 |
| 48 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതന ഡ്രൈവർമാർക്ക് അധിക വേതനം നൽകിയിരിക്കുന്നു.നഷ്ടം ₹8680/- | 1-30 |
| 49 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതി - വാങ്ങലുകളിലെ അപാകതകൾ | 3-1 |
| 2 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതന ഡ്രൈവർമാർക്ക് അധിക വേതനം നൽകിയിരിക്കുന്നു.നഷ്ടം ₹8680/- | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർ നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

**ഭാഗം -1**

**പൊതു അവലോകനം**

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28.05.2024-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിച്ച് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം 07/06/2024 ൽ സമർപ്പിക്കപ്പെട്ടിട്ടുള്ള **കൊന്നത്തടി ഗ്രാമപഞ്ചായത്തിന്**റെ മാർച്ച് 2024-ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **കൊന്നത്തടി ഗ്രാമ പഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ　　ഡെപ്യൂട്ടി ഡയറക്ടർ
23.12.2024
ഇടുക്കി

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' -ൽ രേഖപ്പെടുത്തിയ തുകയും (₹16070889/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' -ൽ രേഖപ്പെടുത്തിയ തുകയും (-6167126/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തിക വർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണെങ്കിലും സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 31.03.2024-ൽ മാത്രമാണ് ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയത്. സ്ഥാപന തൊഴിൽ നികുതിയുടെ എൻട്രികളും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-5 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു**

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| അദർ ഫിക്സഡ് അസറ്റ്സ് | 1483023 | 5095546 |
| വാട്ടർവേയ്സ് | - | 352283 |

**1-1-6 തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

പത്ത് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രിസിയേഷൻ കണക്കാക്കിയത് എന്നതിനാൽ എല്ലാ ആസ്തികൾക്കും ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ലായെന്ന് വ്യക്തമാണ്. ഡിപ്രിസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

**1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-8 പ്രതിമാസ ബാങ്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല**

താഴെ സൂചിപ്പിക്കുന്ന അക്കൗണ്ടുകൾക്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല.

| അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് B-17 പ്രകാരം |
|---|---|
| UBI-372302010027951 | 318060 |
| SIB-OWN FUND 0610073000000324 | 1399095 |
| UBI-OWN FUND 352502010074740 | 9208627 |
| UBI-372302010027950 | 5597230 |
| SBI-OWN FUND 30871805319 | 1573759 |
| CO-OPERATIVE BANK 107 | 3748714 |
| CANARA BANK 110039933741 | 23487 |

റിക്കൺസിലേഷൻ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-1-9 വായ്പ തുക ബി- 5,ബി-16 ഷെഡ്യൂളുകളിലെ തുകകളിൽ വ്യത്യാസം**

ബി-5 ഷെഡ്യൂളിലെ തുക ₹36143674/-യും ബി-16 ഷെഡ്യൂളിലെ തുക ₹ 34047674/-യുമാണ്. ₹2096000/-യുടെ വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല**

പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ആസ്തി-ബാദ്ധ്യതകളായി ബാലൻസ് ഷീറ്റിന്റെ ബന്ധപ്പെട്ട ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളിൽ വ്യത്യാസം കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബി 4 ഷെഡ്യൂൾ നീക്കിയിരിപ്പ് (₹) | ബി 17 ഷെഡ്യൂൾ നീക്കിയിരിപ്പ് (₹) |
|---|---|---|
| ലൈഫ്-വായ്പ | 648781 | 917156 |
| ജലനിധി പദ്ധതി | 1854619 | 1831132 |

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-11 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല**

നികുതിയായി നിർണയിച്ച തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും കുടിശ്ശികയ്ക്ക് അനുസൃതമായി ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15(എ) മുഖേന പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.

**1-1-12 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

**1-1-13 വാർഷിക ധനകാര്യ പത്രികയിലെ ബാദ്ധ്യതാ തുകകളും അവയുടെ ആസ്തി തുകകളും പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ, ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യാനുള്ള/കൊടുത്തു തീർക്കാനുള്ള ബാധ്യത തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ/കൈവശമുള്ള തുകകളും തമ്മിൽ ഗണ്യമായ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാദ്ധ്യത (₹) | | ആസ്തി (₹) | |
|---|---|---|---|
| B4 ഷെഡ്യൂൾ | 39398278 | B17 ഷെഡ്യൂൾ | 46997387 |
| B7 ഷെഡ്യൂൾ | 769490 | B15 ഷെഡ്യൂൾ<br>431500199-Receivables Of Redemption | 3136949 |

തുകകൾ തമ്മിലുള്ള വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-1-14 സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല**

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700104 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹50000/- നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

**1-1-15 PRIOR PERIOD ITEMS-രേഖകൾ ഹാജരാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "Prior Period Expenditure" ,"Prior Period Income "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 & I-19) | 31/03/2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800101 - Prior Period Expenses | -82154 |
| 290800601 – Prior Period Expenses | -25568 |
| 190100101-Prior Period Income-Property Tax | 7682 |
| 190200401 Prior Period Income-Profession Tax | 1108472 |
| 190300403 Prior Period Income -Recovery Of Excess Income | 710 |

**1-1-16 ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് തുക ഉൾപ്പടുത്തിയിട്ടില്ല**

2023-24 വർഷം 15 പൊതുമരാമത്ത് പ്രവൃത്തികളിലായി ₹1808825/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In-Progress എന്ന ശീർഷകത്തിൽ ₹100796/-മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-17 വാർഷിക കണക്കുകൾ പ്രകാരമുള്ള ലോൺ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല.**

കെ.യു.ആർ.ഡി.എഫ്.സി. ലോൺ അക്കൗണ്ടിൽ ലോൺ തിരിച്ചടവായി രേഖപ്പെടുത്തിയിരിക്കുന്ന വായ്പയുടെ നീക്കിയിരിപ്പിൽ ₹6455425/- യുടെ കുറവുണ്ട്. എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹26817153/- ആണ്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് ₹33272578/- ആണ്. തൻവർഷ തിരിച്ചടവ് ₹3227711/- ആയിരിക്കെ വാർഷിക കണക്കിൽ ₹9683136/- എന്ന് രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നിട്ടുള്ളത്.

**1-2 ബജറ്റ്**

ധനകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.03.2023 -ലെ I(1) ാംനമ്പർ തീരുമാന പ്രകാരം ₹99,61,824/- മുന്നിരിപ്പും, ₹43,86,04,000/-വരവും, ₹43,30,32,000/- ചെലവും, ₹1,55,33,824/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചു. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20.03.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.
ധനകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.01.2024 -ലെ III നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുകയും ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14.02.2024 -ലെ 1-ാം നമ്പർ തീരുമാന പ്രകാരം താഴെ പരാമർശിക്കും പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചു.

| മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 7149064 | 391794658 | 398943722 | 391807127 | 7136595 |

**1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല
വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 113047000 | ₹773800 (അങ്കണവാടി ജീവനക്കാരുടെ വേതനം) | 9579240 |
| | | | ₹951660 (ലൈഫ് വായ്പ തിരിച്ചടവ്) | |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 11304700 | ₹773800 (അങ്കണവാടി ജീവനക്കാരുടെ വേതനം) | 9579240 |
| | | | ₹951660 (ലൈഫ് വായ്പ തിരിച്ചടവ്) | |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 11304600 | ₹773800 (അങ്കണവാടി ജീവനക്കാരുടെ വേതനം) | 8928671 |
| | | | ₹951661 (ലൈഫ് വായ്പ തിരിച്ചടവ്) | |
| | | | ₹311329 (എസ്സ്.സിപിയിലേക്ക് അടവ്) | |
| | | | ₹339140 (ഗ്രാന്റിൽ നിന്നും കുറവ് ചെയ്തത്) | |

വികസന ഫണ്ട് – പട്ടികജാതിവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 1159729 | ₹81915 (ലൈഫ് വായ്പ തിരിച്ചടവ്) | 1077814 |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 848300 | ₹81917 (ലൈഫ് വായ്പ തിരിച്ചടവ്) | 92306 |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 848300 | ₹81917 (ലൈഫ് വായ്പ തിരിച്ചടവ്) തിരിച്ചടവ്) | 766383 |

വികസന ഫണ്ട് – പട്ടിക വർഗ്ഗവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 299600 | ₹42327 (ലൈഫ് വായ്പ തിരിച്ചടവ്) | 257273 |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 299700 | ₹42327 (ലൈഫ് വായ്പ തിരിച്ചടവ്) | 257273 |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 299700 | ₹42327 (ലൈഫ് വായ്പ തിരിച്ചടവ്) | 257273 |

**2. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല**

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-3 ഗ്രാന്റ് വിനിയോഗം**

| ഇനം | | മുൻബാക്കി ₹ | അലോട്ട്മെന്റ്/തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 33914000 | 33914000 | 26464862 | 7449138 |
| | എസ്.സി.പി. | 0 | 1464329 | 1464329 | 1290909 | 173420 |
| | റ്റി.എസ്.പി. | 0 | 899000 | 899000 | 506981 | 392019 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 21070350 | 21070350 | 291233 | 20779117 |
| | റോഡിതരം | | 8937400 | 8937400 | 8900950 | 36450 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 7778342 | 4212000 | 11990342 | 1281061 | 10709281 |
| | ഉപാധി രഹിതം | 182742 | 5872270 | 6055012 | 44334 | 6010678 |
| ഹെൽത്ത് ഗ്രാന്റ് | പി.എച്ച്.സി. | 421588 | 422122 | 843710 | 525650 | 318060 |
| | ഡയഗ്നോസ്റ്റിക്ക് | 720113 | 1009518 | 1729631 | 790640 | 938991 |
| ഐ.സി.പി.എസ്. & ഐ.സി.ഡി.എസ്. | | 2786399 | 2108911 | 4895310 | 477258 | 4418052 |

| | | | | | | |
|---|---|---|---|---|---|---|
| പശ്ചിമഘട്ടം | | 2762122 | | 2762122 | 0 | 2762122 |
| ജലനിധി | | 1732188 | 122431 | 1854619 | 0 | 1854619 |
| ദേശീയ എയ്ഡ്സ് നിയന്ത്രണം | | 40699 | 1632 | 42331 | 50 | 42281 |
| മറ്റ് വകുപ്പുകൾ | ആയുർവേദം | 500000 | | 500000 | 187967 | 312033 |
| | ആരോഗ്യം | 0 | 300000 | 300000 | 0 | 300000 |
| | റവന്യൂ | 0 | 648781 | 648781 | 0 | 648781 |
| ലൈഫ് സംസ്ഥാനവിഹിതം | | 4354527 | 0 | 4354527 | 88 | 4354439 |
| അതിദാരിദ്ര്യം ലഘൂകരണം | | 75000 | 0 | 75000 | 22820 | 52180 |

കുറിപ്പുകൾ

1. വികസനഫണ്ട് – പൊതുവിഭാഗം ഇനത്തിൽ സുലേഖ സ്റ്റേറ്റ് പ്രകാരം ചെലവ് ₹25814393/- ആണെങ്കിലും ധനകാര്യ വകുപ്പിന്റെ 18.10.2022 – ലെ സ.ഉ(സാധാ) 179/2022 പ്രകാരം കുറവ് ചെയ്ത ₹339140/-, 22.03.2024 -ലെ സ.ഉ(സാധാ) 2858/24 പ്രകാരം എസ്.സി.പി.യിലേക്ക് വകമാറ്റിയ ₹311329/- എന്നിവ ഉൾപ്പെടെ ₹26464862/- ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു.
2. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപാധിരഹിത ഫണ്ട് വരവ് ₹5616000/- ആണെങ്കിലും പലിശയിനത്തിൽ ലഭിച്ച ₹232592/- ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭിച്ച ₹23678/- ഉൾപ്പെടെയുള്ള യഥാർത്ഥ വരവായ ₹5872270/- ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 214 | 153299064 | 91 | 45715077 | 123 | 42.52 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ്₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 5433332 | 2736615 | 50.37 |
| വെറ്ററിനറി സർജൻ | 4 | 3 | 1803950 | 1044050 | 57.88 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 13 | 10 | 8594029 | 6124466 | 71.26 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 400000 | 400000 | 100 |
| ICDS സൂപ്പർവൈസർ | 8 | 6 | 8723163 | 4989926 | 57.20 |
| വി.ഇ.ഓ | 20 | 7 | 46630534 | 5660000 | 12.14 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 5500000 | 5500000 | 100 |
| സെക്രട്ടറി | 42 | 24 | 20975228 | 14703784 | 70.10 |
| ഹെഡ്മാസ്റ്റർ | 2 | 2 | 1000000 | 1000000 | 100 |
| അസി.എഞ്ചിനീയർ | 117 | 34 | 53138828 | 4356546 | 8.20 |
| അസി.സെക്രട്ടറി | 2 | 1 | 1100000 | 22820 | 2.07 |
| ആകെ | 214 | 91 | 153299064 | 45715077 | 29.82 |

ജില്ലാ ആസൂത്രണ സമിതിയുടെ 02/02/2024-ലെ 677/2024/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 214 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 91 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹153299064/-ൽ ₹45715077/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1391185 | 1549866 | 2941051 | 2940732 | 319 |
| തൊഴിലാളികൾക്ക് നൽകിയ കൂലി | 0 | 125494000 | 125494000 | 125494000 | 0 |

കുറിപ്പ്.

1)ഓംബുഡ്സ് മാൻ നിർദ്ദേശപ്രകാരം അടവാക്കിയ ₹1151/- ന് RP-30 ലെ വരവിൽ നിന്നും കുറവ് ചെയ്താണ് തൻവർഷ വരവ് ₹1549866/-(1651377-1511) എടുത്തിരിക്കുന്നത്

2) തൻ വർഷ അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ ₹2940719/- (I14(F)) നൊപ്പം ₹13 തനതു ഫണ്ടിൽ പലിശയിനത്തിൽ അടവാക്കിയ തുകകൂടി ഉൾപ്പെടുത്തിയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5673600 | 486 |
| വിധവാ പെൻഷൻ | 8654900 | 803 |
| വാർദ്ധക്യകാല പെൻഷൻ | 30100700 | 2882 |
| വികലാംഗ പെൻഷൻ | 3821800 | 341 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 425600 | 38 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2024-ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12315/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്. 24 ഓഡിറ്റ് എൻക്വയറികൾ നല്കിയതിൽ 14 എണ്ണത്തിന് മറുപടി നല്കിയിട്ടില്ല. യഥാസമയം ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

### അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്

വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയും നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

**ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

**1-9 ₹1,48,655/- വാടക ഈടാക്കാൻ അവശേഷിക്കുന്നു.**

2023-24 വർഷത്തെ വാടകയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, തൻവർഷം ഡിമാന്റ് ചെയ്ത വാടകയിൽ (401305/-) ₹252650/- മാത്രമാണ് വാടകയിനത്തിൽ ഈടാക്കിയിട്ടുള്ളത്. ₹148655/- ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേര് | കുടിശിക ₹ |
|---|---|---|---|
| 1 | 10/621 | സോജൻ പുളിക്കൽ | 7920 |
| 2 | 11/742 | കെ.എസ്.ഇ.ബി. | 2072 |
| 3 | 11/743 | കെ.എസ്.ഇ.ബി. | 2072 |
| 4 | 11/744 | കെ.എസ്.ഇ.ബി. | 2072 |
| 5 | 11/755 | ഷൈസ് ഇ.ഡി., തെങ്ങുംപിള്ളിൽ | 11220 |
| 6 | 11/756 | സിജോ ജോസ്, കൊല്ലംപറമ്പിൽ | 12780 |
| 7 | 11/757 | സതീഷ് കെ.എ, കക്കാട്ടൂർ | 15972 |
| 8 | 11/758 | അഗസ്റ്റ്യൻ തൊണ്ണംമാക്കൽ | 12924 |
| 9 | 11/761 | കെ.എസ്.ഇ.ബി. | 2072 |
| 10 | 11/763 | സന്തോഷ് പുതിയാപറമ്പിൽ | 17736 |
| 11 | 11/765 | കെ.ജി.മോഹനൻ | 16488 |
| 12 | 11/768 | സന്തോഷ് പുതിയാപറമ്പിൽ | 22836 |
| 13 | 11/769 | സന്തോഷ് പുതിയാപറമ്പിൽ | 14952 |
| 14 | 11/772 | കെ.എസ്.ഇ.ബി | 2072 |
| 15 | 11/773 | കെ.എസ്.ഇ.ബി | 2072 |
| 16 | പാറത്തോട് കംഫർട്ട് സ്റ്റേഷൻ | മണി പി.കെ., പുൽപ്രക്കുടിയിൽ, പുല്ലുകണ്ടം | 3395 |
| | | **ആകെ** | **148655** |

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷം ₹148655/-യും കുടിശിക ₹158984/-യും ഈടാക്കുവാൻ അവശേഷിക്കുന്നു. കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും പഞ്ചായത്ത്, വാടകക്കാരുമായി ചമച്ച കരാർ ഹാജരാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.9/17.12.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിൽ കുടിശിക വരുത്തിയ വാടകക്കാർക്ക് കടമുറികൾ ഈ വർഷവും നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. കുടിശികക്കാരെ ഒഴിവാക്കി കടമുറികൾ പൊതുലേലം നടത്തി വാടക നിശ്ചയിച്ച് നൽകേണ്ടതാണ്.

**11-ാം വാർഡിൽ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു**

2023-24-ലെ വാടകയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 11-ാം വാർഡിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 741, 745, 746, 748, 749, 750, 751, 753, 762, 764, 766, 767, 774 എന്നീ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി ബോധ്യപ്പെട്ടു.

കടമുറികൾ ഒഴിഞ്ഞുകിടക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 9/17.12.2024) ന് മറുപടി ലഭ്യമാക്കിയില്ല. കടമുറികൾ പൊതുലേലം നടത്തി വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും നികുതി റിട്ടേൺ പത്രികകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് LTD No.K.263, മുള്ളിരിക്കുടി ബ്രാഞ്ച് | I & II |
| 2 | വളം ഡിപ്പോ, പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാറത്തോട് | I & II |
| 3 | നീതി മെഡിക്കൽ സ്റ്റോർ, പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |

സ്ഥാപന തൊഴിൽ നികുതിയും അവയിലെ ജീവനക്കാരുടെ തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 9/17.12.2024) മറുപടി ലഭ്യമാക്കിയില്ല.

**1-11 ലേലം - തുടർനടപടികൾ സംബന്ധിച്ച്**

കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന എ.സി.ഷീറ്റ് 26.05.2023 ന് ലേലം/ ക്വട്ടേഷൻ നടത്തുന്നതിന് 15.05.2023 ലെ എസ്.സി.1-5265/2022 ാം നമ്പർ ലേല നോട്ടീസ് പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.

1. പന്നിയാർ നിരപ്പ് അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്ന പഴയ എ.സി.ഷീറ്റ്.
2. ഇല്ലിസിറ്റി അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്ന പഴയ എ.സി.ഷീറ്റ്.
3. തെള്ളിത്തോട് കുരിശുകുത്തി അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്ന പഴയ എ.സി.ഷീറ്റ്.
4. കരിമല അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്ന പഴയ എ.സി.ഷീറ്റ്.
5. ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പഴയ എ.സി.ഷീറ്റ്.

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ പഴയ എ.സി. ഷീറ്റുകളുടെ വാല്യുവേഷൻ നടത്തി 15.05.2023, 05.07.2023 തീയതികളിൽ അറിയിച്ചിട്ടുള്ളതാണ്. (യഥാക്രമം ₹9700/-, ₹5389/-). ഇതു പ്രകാരം 26.05.2023 ൽ ലേലം നടത്തിയെങ്കിലും ക്രമ നം.(1),(3),(5) ഇനങ്ങളുടെ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല, (2),(4) എന്നീ ഇനങ്ങളിൽ ലേലത്തിൽ പങ്കെടുത്തവർ ആരും തുക കൂട്ടി വിളിച്ചില്ല എന്ന് ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 25.07.2023-ൽ പുനർലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. എ.സി. ഷീറ്റുകൾ ലേലം നടത്തുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം.9/17.12.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. കാലതാമസം വന്ന് എ.സി.ഷീറ്റുകൾ ദ്രവിച്ചു പോകുന്നതിന് മുമ്പ് ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-12 കെ.എസ്.ഇ.ബി. വാടക കുടിശിക ഈടാക്കിയില്ല

കെ.എസ്.ഇ.ബി. കമ്പിളികണ്ടം സെക്ഷൻ ഓഫീസ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. 6 കടമുറികളാണ് (XI/772, 773, 742, 743, 744, 761) വാടകയ്ക്ക് നൽകിയിരിക്കുന്നത് . 2008-ൽ ഒരു വർഷത്തേക്ക് വാടക രഹിതമായി പ്രവർത്തിക്കുന്നതിനും അതിനുശേഷം വാടക ഒടുക്കണമെന്നുമുള്ള നിബന്ധനയോടെയുമാണ് കെട്ടിടം വിട്ടു നൽകിയിരുന്നത്. എന്നാൽ കരാർ ചമച്ച് വാടക നിശ്ചയിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന വാടക ഒടുക്കുന്നതിനോ കെ.എസ്.ഇ.ബി. തയ്യാറായില്ല. കുടിശിക ഉൾപ്പെടെ വാടക അടവാക്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും വാടകരഹിതമായി പ്രവർത്തിക്കുന്നതിനാണ് കെട്ടിടം വിട്ടു നൽകിയിട്ടുള്ളതെന്നും അല്ലാത്തപക്ഷം ആയതിന് കരാർ ഹാജരാക്കണമെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ഇ.ബിയുടെ നിലപാട് അംഗീകരിക്കാൻ സാധിക്കാത്തതിനാൽ വാടകരഹിതമായി പ്രവർത്തിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് നൽകിയ രേഖ ഉണ്ടെങ്കിൽ ആയത് ഹാജരാക്കാൻ കെ.എസ്.ഇ.ബി. യോട് ആവശ്യപ്പെടുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയും (തീരുമാന നം.4(10)/തീ.5.11.2021) തദനുസരണം കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.- ക്ക് റവന്യു റിക്കവറി നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. (നോട്ടീസ് നം.എ5-3857/21 തീ. 18.01.2022 കുടിശ്ശിക ₹35,74,370/-). പ്രസ്തുത RR നോട്ടീസിലെ തുക ഒറ്റത്തവണ തീർപ്പാക്കൽ നടപടികൾക്കായി ബഹു.ജില്ലാ കളക്ടർ അടങ്ങുന്ന കമ്മിറ്റിയിൽ വയ്ക്കാമെന്ന് കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമ്മതിച്ചതായി ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (കത്ത് നം. A7-1910/2022/Dt. 26.03.2022). 17.06.2022-ൽ ടി തുക ഈടാക്കുന്നതിന് ഓൺലൈൻ ആർ.ആർ. റികിസിഷൻ നടപടികൾ തൽക്കാലം സ്വീകരിക്കേണ്ടതില്ല എന്നാണ് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. (നം.12(1)/തീ.28.06.2022). 13.12.2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നം.1 പ്രകാരം കുടിശിക ഈടാക്കുന്നതിന് മന്ത്രിസഭ തലത്തിൽ ഇടപെടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18/18.12.2024), സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം മന്ത്രിസഭാതലത്തിൽ ഇടപെടുന്നതിന് ശുപാർശ ചെയ്യുന്നതിനായി ഭരണസമിതിയെ പ്രതിനിധീകരിച്ച് ബഹു.വൈസ് പ്രസിഡന്റ് സെക്രട്ടറിയേറ്റിൽ നേരിട്ട് പോയി വിവരം രേഖാമൂലം നൽകിയിട്ടുള്ളതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ബാധ്യത സെക്രട്ടറിയുടെയും ഭരണസമിതിയുടെയും മേൽ വരുമെന്നതിനാൽ വാടകകുടിശിക പലിശയുൾപ്പെടെ കാലതാമസം കൂടാതെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല

സ.ഉ(അച്ചടി)നം.25/2023/LSGD തീയതി 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത തീയതി മുതൽ അഞ്ചുവർഷ കാലയളവ് പൂർത്തിയാകുന്നതുവരെ തുടർന്നുള്ള ഓരോവർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ അഞ്ചുശതമാനം വീതം വർദ്ധനവ് വരുന്നതാണെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 26.08.2023 ലെ എസ്.സി.2-1456/23 വിജ്ഞാപനം പ്രകാരം 21.07.2023-ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2023-24 വർഷം നമ്പർ നൽകിയ ചുവടെ ചേർത്തിരിക്കുന്ന വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണയം നടത്തി ഈടാക്കിയതായി കാണുന്നു. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്ന ഏതാനും കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് /നം. | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണം | ഈടാക്കിയ നിരക്ക് ₹ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി ₹ | ഈടാക്കേണ്ട നിരക്ക് ₹ | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി ₹ |
|---|---|---|---|---|---|---|---|
| 3/23 D | അനിഷ്കുമാർ പി.കെ | വാണിജ്യാശ്യം (ഷോപ്പുകൾ) | 11.9 | 55 | 654.5 | 60 | 714 |
| 3/23 E | അനിഷ്കുമാർ പി.കെ | ” | 11.89 | 55 | 654 | 60 | 713 |
| 10/223 C | ഗുരുപ്രസാദ്, ശ്രീരേഖ | പാർപ്പിടാവശ്യം (വീടുകൾ) | 182.8 | 6 | 1096.8 | 7 | 1279.6 |
| 10/254 C | രാജേഷ് | ” | 182.8 | 6 | 1096.8 | 7 | 1279.6 |
| 10/675H | രാജു വി.എൻ | ” | 113.19 | 6 | 679.14 | 7 | 792.33 |
| 10/675 I | രാജു വി.എൻ | ” | 133.62 | 6 | 801.72 | 7 | 935.34 |
| 10/675 K | രാജു വി.എൻ | ” | 113.19 | 6 | 679.14 | 7 | 792.33 |
| 11/340 A | പ്രവീൺ കെ.എ. | ” | 123.01 | 6 | 738.06 | 7 | 861.07 |
| 11/492 A | എബി.കെ.എൽദോസ് | ” | 227 | 6 | 1362 | 7 | 1589 |
| 11/492 B | ” | പാർപ്പിടാവശ്യം (Outhouse) | 12.53 | 6 | 75.18 | 7 | 87.71 |
| 11/535 A | വർക്കി കെ.ജെ. | ” | 82.84 | 6 | 2661.3 | 7 | 2809.15 |
| 14/538 B | ടോമി അഗസ്റ്റ്യൻ | ” | 230.39 | 6 | 1382.34 | 7 | 1612.73 |
| 14/530A | ബാബു ജോസ് | പാർപ്പിടാവശ്യം | 295.83 | 6 | 1774.98 | 7 | 2070.81 |
| 14/170 A | സുധീഷ് ജോസഫ് | ” | 134.85 | 6 | 809 | 7 | 943.95 |
| 14/458 A | ജോയി അഗസ്തി | ” | 104 | 6 | 624 | 7 | 728 |

അന്തിമ വിജ്ഞാപനത്തിനു മുമ്പ് നിർണയിച്ച വസ്തുനികുതി പുനർനിർണയിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.19/18.12.2024)-ക്ക് മറുപടി ലഭ്യമാക്കിയില്ല. 01.04.2023 മുതൽ അന്തിമ വിജ്ഞാപനം വരെയുള്ള കാലയളവിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് IKM ന് അറിയിപ്പ് നൽകേണ്ടതാണ്. 01.04.2023 മുതൽ നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി പുനർനിർണ്ണയിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്കരണം -തുടർനടപടികൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ സ.ഉ (കൈ) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 05-04-2023-ലെ സ.ഉ (അ) നം 25/2023 നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 21.07.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(1)). കൂടാതെ എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (26.08.2023-ലെ എസ്.ഇ2-1456/2023). കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും, ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശ പ്രകാരം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 22.05.2023 ന് ഇന്റർവ്യൂ നടത്തിയതിൽ 12 പേർ പങ്കെടുത്തിരുന്നു. ഇതിൽ 8 ഉദ്യോഗാർത്ഥികൾ യോഗ്യരായവരായി കാണുന്നു. എന്നാൽ ഇതിനുശേഷം ഒരു നടപടിയും ഫയലിൽ ലഭ്യമല്ല. വസ്തു നികുതി സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/18.12.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലും, തറ വിസ്തീർണത്തിലും മാറ്റം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 8 ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുകയും അവർ വാർഡ് XI- ൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച മുറയ്ക്ക് വേതനം നൽകിയിട്ടുള്ളതാണ്. ഉദ്യോഗാർത്ഥികളിൽ ഭൂരിപക്ഷവും വിദ്യാർത്ഥികൾ ആയതിനാൽ ഫീൽഡ് തല അന്വേഷണം മന്ദഗതിയിൽ ആകുകയും പിന്നീട് റിപ്പോർട്ടുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല എന്ന മറുപടിയാണ് സമർപ്പിച്ചത്. സർക്കാർ നിർദേശം പാലിക്കേണ്ടതും മറ്റു വാർഡുകളിലും ഫീൽഡ് തല അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 തൊഴിലുറുപ്പ് പദ്ധതി - വാങ്ങലുകളിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | എൻ.ആർ.ഇ.ജി.എ |

തൊഴിലുറുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പരാമർശിക്കുന്ന വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| സ്ഥാപനം | ബിൽ നം 04/ 26.08.2023 നീതി മെഡിക്കൽസ്, തങ്കമണി | | | | |
|---|---|---|---|---|---|
| ക്രമ നം | ഇനം | എണ്ണം | വില ₹ | ആകെ₹ | വൗച്ചർ നം, തീയതി & തുക ₹ |
| 1 | ഹാൻഡ് വാഷ് | 1000 | 98 | 98000 | 22300543/05.09.2023 ₹ 1000280/- |
| | ഹാൻഡ് സാനിസ്റ്റൈസർ | 1000 | 110 | 110000 | |
| | ജി.എസ്.റ്റി | 18% | | 37440 | |
| | ആകെ | | | 245440 | |
| | ബിൽ നം | 06/ 26.08.2023 നീതി മെഡിക്കൽസ് തങ്കമണി | | | |
| | ഫസ്റ്റ് എയിഡ് കിറ്റ് | 1000 | 690 | 690000 | |
| | ജി.എസ്.റ്റി | 12% | | 82800 | |
| | ആകെ | | | 772800 | |
| | ജി.എസ്.റ്റി റ്റി.ഡി.എസ് | | | 17960 | |
| | ആകെ | | | 1000280 | |

| | | | | | |
|---|---|---|---|---|---|
| 2 | ബിൽ നം | 05/ 26.08.2023 നീതി മെഡിക്കൽസ് തങ്കമണി | | | |
| | ഗ്ലൗസ് | 4000 | 139 | 556000 | 22300653/25.10.2023 ₹653300/- |
| | ജി.എസ്.റ്റി | 18% | | 100080 | |
| | ആകെ | | | 656080 | |
| | ജി.എസ്.റ്റി റ്റി.ഡി.എസ് | | | 2780 | |
| | ആകെ | | | 653300 | |
| 3 | ബിൽ നം | എ.എ.ബി 13 10.11.2023 BPRO Solutions ആവണിശ്ശേരി തൃശൂർ | | | |
| | ഗ്ലൗസ് | 500 | 92.37 | 46185 | 22300987/08.02.2024 ₹54500/- |
| | ജി.എസ്.റ്റി | 18% | | 8315 | |
| | ആകെ | | | 54500 | |
| ആകെ | | | | 1708080 | |

<u>വാങ്ങൽ നടപടികളിലെ അപാകതകൾ</u>

<u>എ) ഗ്ലൗസ്</u>

ഗ്ലൗസ് വാങ്ങുന്നതിന് 13.06.2023 - ൽ 400533/GAP/GPO/2023/3822 നമ്പരായി ടെണ്ടർ ക്ഷണിച്ചതിൽ താഴെ പരാമർശിക്കും പ്രകാരം ടെണ്ടറുകൾ ലഭ്യമായി.

| ക്രമ നം | സ്ഥാപനം | കോട്ട് ചെയ്ത തുക ₹ |
|---|---|---|
| 1 | ക്യാപ്പിറ്റൽ വൺ ട്രേഡിംഗ് | 75 |
| 2 | BPRO Solutions | 109 |
| 3 | കണ്ടച്ചേരിൽ ട്രേഡിംഗ്സ് | 138 |
| 4 | SIDCO | 148 |
| 5 | Zeebag | 168 |
| 6 | മെഡിവേ ഹെൽത്ത് കെയർ | 635 |

26.06.2023 – ലെ 8(2) തീരുമാനപ്രകാരം ക്യാപ്പിറ്റൽ വൺ ട്രേഡിംഗ് കമ്പനിയിൽ നിന്ന് ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിച്ചു. 20.07.2023 – ലെ 400533/GAP/GPO/2023/3822 കത്ത് പ്രകാരം ക്യാപ്പിറ്റൽ വൺ ട്രേഡിംഗിനോട് 27.07.2023 രാവിലെ 11.30 ന് സാമ്പിളുകൾ ഹാജരാക്കാൻ കത്ത് നൽകിയെങ്കിലും ഹാജരാക്കാത്തതിനാൽ 21.08.2023 – ലെ 400533/GAP/GPO/2023/3822 കത്ത് പ്രകാരം അടുത്ത ടെണ്ടറുകാരനായ BPRO Solutions നെ അംഗീകരിച്ചു. എന്നാൽ ₹109/- നിരക്കിൽ BPRO Solutions നിൽ നിന്നും 500 എണ്ണവും ടെണ്ടറിൽ പങ്കടുക്കാത്ത നീതി മെഡിക്കൽസ് തങ്കമണി സ്ഥാപനത്തിൽ നിന്ന് 4000 ഗ്ലൗസുകൾ ₹653300/- ക്ക് വാങ്ങിയിരിക്കുന്നു. ആയതിനാൽ താഴെ പരാമർശിക്കും പ്രകാരം അധിക വില നൽകിയിട്ടുണ്ട്.

| | |
|---|---|
| BPRO Solutions നിന്നും ₹109 നിരക്കിൽ ഗ്ലൗസുകൾ ലഭ്യമായിരുന്നെങ്കിൽ നൽകേണ്ട തുക (4000 X109) | 436000 |
| നീതി മെഡിക്കൽസ് തങ്കമണിയിൽ നിന്നും 4000 എണ്ണം ഗ്ലാസ്സുകൾ വാങ്ങിയതിന് നൽകിയ വില | 653300 |
| അധികം നൽകിയ തുക (653300-436000) | 217300 |

കാരണം വ്യക്തമാക്കാതെ ഇപ്രകാരം കൂടിയ വിലക്ക് ഗ്ലാസ്സുകൾ വാങ്ങിയതിനാൽ അധികം നൽകിയ ₹217300/- , ബിൽ തയ്യാറാക്കിയ സെക്രട്ടറിയിൽ നിന്നം തിരികെ ഈടാക്കേണ്ടതാണ്.

<u>ബി) ഫസ്റ്റ് എയിഡ് കിറ്റ്</u>

13.06.2023 – ലെ 400533/GAP/2023/GPO/23/3824 പ്രകാരം ഫസ്റ്റ് എയിഡ് കിറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചെങ്കിലും ഓരാൾ മാത്രം പങ്കെടുത്തതിനാൽ റീ ടെണ്ടർ ചെയ്യാൻ 26.06.2023 – ലെ 8(1) പ്രകാരം തീമാനിക്കുകയും 15.07.2023 -ലെ 400533/GAP/2023/GPO/23/3824 പ്രകാരം റീ ടെണ്ടർ ക്ഷണിച്ചപ്പോൾ താഴെ പരാമർശിക്കും പ്രകാരം ടെണ്ടറുകൾ ലഭ്യമായി.

| ക്രമ നം | സ്ഥാപനം | കോട്ട് ചെയ്ത തുക ₹ |
|---|---|---|
| 1 | മെഡിവേ ഹെൽത്ത് കെയർ | 499 |
| 2 | നാസർ കെ.പി. | 479 |
| 3 | കെ.പി.എം സ്റ്റോഴ്സ് | 467 |

ടെണ്ടർ പരസ്യത്തിൽ DRUG LICENCE ഹാജരാക്കുവാൻ നിർദ്ദേശമുണ്ടായിരുന്നെങ്കിലും ഹാജരാക്കാത്തതിനാൽ നാസർ കെ.പി., കെ.പി.എം സ്റ്റോഴ്സ് എന്നിവരെ ഒഴിവാക്കി. 10.08.2023 -ലെ 2(1) തീരുമാന പ്രകാരം മെഡിവേ ഹെൽത്ത് കെയറിന്റെ ടെണ്ടർ അംഗീകരിച്ചു. 22.08.2023 – ലെ 2(1) തീരുമാന പ്രകാരം ഫസ്റ്റ് എയിഡിന്റെ ടെണ്ടർ ക്യാൻസൽ ചെയ്ത് ടെണ്ടറുകളിൽ പങ്കെടുക്കാത്ത നീതി മെഡിക്കൽസ് തങ്കമണിയിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചു.

ആയതിനാൽ താഴെ പരാമർശിക്കും പ്രകാരം അധിക നിരക്ക് നല്കി.

| | |
|---|---|
| മെഡിവേ ഹെൽത്ത് കെയറിൽ നിന്നും ₹499/- നിരക്കിൽ നൽകേണ്ട തുക (1000 X499 ) | 499000 |
| നീതി മെഡിക്കൽസ് തങ്കമണിയിൽ നിന്നും ₹690+18% ജി.എസ്.ടി നിരക്കിൽ 1000 എണ്ണം വാങ്ങിയതിന് നൽകിയ വില | 772800 |
| അധികം നൽകിയ തുക (772800-499000) | 273800 |

കാരണം വ്യക്തമാക്കാതെ അംഗീകരിച്ച ടെണ്ടർ റദ്ദാക്കുകയും ടെണ്ടറുകളിൽ പങ്കെടുക്കാത്ത നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനമെടുത്ത 22.08.2023 – ലെ കമ്മിറ്റിയംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും അധികം നൽകിയ ₹273800/- , തിരികെ ഈടാക്കേണ്ടതാണ്.

പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 20/18.12.2024 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**<u>1-16 കെൽട്രോണിൽ നിന്നും ലാപ് ടോപ്,പ്രിന്ററർ എന്നിവ ലഭ്യമായില്ല</u>**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി | 7/24 ഹോമിയോ ആശുപത്രിക്ക് ഫർണ്ണിച്ചറും അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ തുക | ₹125000/- (MG-Road) |
| ചെലവ് വിവരം ബിൽ റഫറൻസ് നം., തീയതി, തുക | 23101252012801031742/06.01.2024 ₹118049/- |

ഹോമിയോ ആശുപത്രിക്ക് ഫർണ്ണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ആവിഷ്കരിച്ച ഈ പദ്ധതിയിൽ 2 ലാപ് ടോപ് (ഒരെണ്ണത്തിന് ₹48276/- വീതം), ഒരു പ്രിന്റർ (21497) വാങ്ങുന്നതിന് മേൽ സൂചിത ബിൽ പ്രകാരം ₹118049/- പിൻവലിച്ച് 06.01.2024 ൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന് (KELTRON) നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയെങ്കിലും ഇതിവരെയും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/തീ.16.12.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹118049/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-17 ഐ കെ എം മെമ്പർഷിപ്പ് ഫീസ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല</u>**

സ.ഉ.(സാധാ) നം. 1952/2015/ത.സ്വ.ഭ.വ., തീയതി 27-6-2015, തദ്ദേശ സ്വയംഭരണ (ഇ ജി) വകുപ്പിന്റെ 5-3-2024 ലെ സ.ഉ.(സാധാ) നം. 538/2024 എന്നിവ പ്രകാരം സംസ്ഥാന ഗ്രാമ പഞ്ചായത്തുകൾ 2013-14, 2014- 15, 2015- 16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് 3 ലക്ഷം രൂപ വീതം (₹900000) വികസന ഫണ്ടിൽനിന്നും (ജനറൽ) കുറവ് ചെയ്ത് ഐ. കെ. എം. ന് നൽകുന്നതിന് ഉത്തരവ് ആയിട്ടുള്ളതാണ്. മെമ്പർ ഷിപ്പ് ഫീസായി നൽകേണ്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ഐ. കെ. എം .എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഐ. കെ. എം. മെമ്പർഷിപ്പ് ഫീസ് |
| പ്രൊജക്ട് നം | 340/24 |
| അടങ്കൽ | ₹9,00,000/- വികസന ഫണ്ട് (പൊതു വിഭാഗം) |
| ബിൽനമ്പർ ,തിയതി ,തുക | 23101252012801559668/26.03.24 ₹900,000/- |

മേൽ പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ച് ഐ. കെ. എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഇതിനോടകം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/16.12.2024) മറുപടി നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹9,00,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-18 പന്നിയാർകുട്ടി അംഗൻവാടി അറ്റകുറ്റപ്പണി,വാർഡ്-1 -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

ഈ പ്രവർത്തി 2 പ്രോജക്റ്റുകളായാണ് നിർവ്വഹിച്ചിട്ടുള്ളത്

I.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 214/24, പന്നിയാർകുട്ടി അംഗൻവാടി അറ്റകുറ്റപ്പണി,വാർഡ് 1 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹57260/- , റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | ₹56690/- |
| കരാറുകാരൻ,കരാർ നമ്പർ | ശ്രീ. ബിജു അഗസ്റ്റിൻ, 2/AE/LSGD/KNDY/22-23 Dt.04.01.2023 |
| ബിൽ /വൗച്ചർ നം,തിയതി,തുക | 23101252008700444573/ 16.08.2023-₹56690/- |
| എം.ബുക്ക് നമ്പർ | LSGD/CELSGD/MB/21404/22-5-1-1 |
| പ്രധാന പ്രവർത്തികൾ | ഇനം.3- 44.23 Sqm, 6mm Thick Polypropyline Reinforced Cement Corrugated Sheet @₹556.93 / Sqm=25117.54<br>ഇനം.5 8.18 Sqm Providing And Fixing 18 Mm Thick Reinforced Ferro Cement Slab Or Equivalent Make, In Shelves With Fittings Wherever Required, Edges To Be Painted With Water Thinnable Cement Primer( Fittings To Be Paid Separately) As Per The Direction Of The Site Engineer In Charge @₹2232.61 =18269.45<br>ഇനം.7 22.04 Sqm 300mmx300mm Floor Tile @₹1138.85/ Sqm=23456.85 |

II

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 222/24, പന്നിയാർകുട്ടി അംഗൻവാടി അറ്റകുറ്റപ്പണി,വാർഡ് 1 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹100000/-, റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | ₹97526/- |
| കരാറുകാരൻ,കരാർ നമ്പർ | ശ്രീ. ബിജു അഗസ്റ്റിൻ,3/AE/LSGD/KNDY/23-24 Dt.09.06.2023 |
| ബിൽ /വൗച്ചർ നം,തിയതി,തുക | 23101252008700692656 25.10.2023₹97526 |
| എം.ബുക്ക് നമ്പർ | LSGD/CELSGD/MB/16910/23-5-1-1 |
| പ്രധാന പ്രവർത്തികൾ | ഇനം.1 14.26 Sqm Wall Tiles @₹1337.26 / Sqm=18050.04<br>ഇനം.2 7.22 Sqm 300mmx300mm Floor Tile @₹1138.85/ Sqm=9659.03 |

I.കെട്ടിട നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ എല്ലാ ഘടകങ്ങളും ഉൾപെടുത്തി ഒറ്റ പ്രോജക്റ്റ് തയ്യാറാക്കണമെന്ന് സർക്കാർ ഉത്തരവ് (കൈ ) നം 84/22/ത.സ്വ.ഭ.വ തിയതി 19.04.2022 ഖണ്ഡിക 3.5.1(8) യിൽ നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ ഒരു അംഗൻവാടിയിൽ ഒരു വർഷം നിർവ്വഹിച്ച സമാനസ്വഭാവമുള്ള നിർമ്മാണ പ്രവർത്തികൾ 2 പ്രോജക്റ്റുകളായി നിർവ്വഹിച്ചു. എല്ലാ ഘടകങ്ങളും ഒറ്റ പ്രോജക്റ്റിൽ ഉൾപെടുത്തി പദ്ധതി നിർവ്വഹണം നടത്തണമെന്ന് ഗവ. നിർദ്ദേശം ഇവിടെ ലംഘിക്കപ്പെട്ടു.

II.ഫെറോസിമന്റ് സ്ലാബ് വിതരണവും ഉറപ്പിക്കലും

ഫെറോസിമന്റ് സ്ലാബ് വിതരണം ചെയ്ത് ഉറപ്പിയ്ക്കുന്നതിന് ഈ രണ്ട് പ്രോജക്റ്റുകളിലും വത്യസ്തമായ ഒബ്സർവ്ഡ് ഡാറ്റയാണ് കണക്കാക്കിയിരിയ്ക്കുന്നത്. പദ്ധതി നം. 214/24 ൽ OD 84858/2022-23 ₹2232.61/Sqm, പദ്ധതി നം. 222/24 ൽ OD 411267/2022-23 ₹1339.57/Sqm. ഇതിൽ ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയ പ്രോജക്റ്റിലാണ് പ്രവർത്തി നിർവ്വഹിച്ചതും തുക അനുവദിച്ചതും. 0.63 ചതുരശ്രമീറ്ററിന് കണക്കാക്കിയ ഡാറ്റ 1 ചതുരശ്രമീറ്ററിലേക്ക് കൺവർട്ട് ചെയ്യാതിരുന്നതിനാലാണ് ഒരു പ്രോജക്റ്റിൽ ഒബ്സർവ്ഡ് ഡാറ്റ കുറഞ്ഞ് പോയതെന്നാണ് 15/ 18.12.2024 ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പറഞ്ഞിരിയ്ക്കുന്നത്. ഒരു ചതുരശ്രമീറ്റർ ഫെറോസിമന്റ് സ്ലാബിന്റെ വിലയായ ₹330/-യോടു കൂടി കൂലിച്ചെലവ്, പെയിന്റിംഗ് ചാർജ്, ഫിറ്റിംഗ് ചാർജ് തുടങ്ങിയ ഘടകങ്ങളും കോസ്റ്റ് ഇന്റക്സും ചേർക്കുമ്പോൾ ₹2232.61 വരികയും 8.18 ചതുരശ്രമീറ്ററിന് ₹18269.45 യും 18% GST ചേർത്ത് ₹21558/- അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപെടുത്തുന്നു

1.ഒബ്സർവ്ഡ് ഡാറ്റ കണക്കാക്കുന്നതിൽ കൃത്യത പുലർത്തിയിട്ടില്ല.

2.കരാർ പ്രകാരം ₹1339.57/Sqm എന്ന നിരക്ക് കരാറുകാരൻ അംഗീകരിച്ചിരുന്നതാണ്. ഒബ്സർവ്ഡ് ഡാറ്റയിൽ തെറ്റ് വന്നതുകൊണ്ടാണ് ഇതേ പ്രവർത്തി മറ്റൊരു പ്രോജക്റ്റിൽ ഉൾപെടുത്തിയത് എന്ന് വ്യക്തമാക്കുന്ന കുറിപ്പുകൾ ഫയലിൽ ഇല്ല.

3.ഫെറോസിമന്റ് സ്ലാബുകൾക്ക് ചെലവായ ₹21558/- യേക്കാൾ കുറഞ്ഞ നിരക്കിൽ ലഭിയ്ക്കുമായിരുന്ന ബ്രാന്റഡ്/നോൺ ബ്രാന്റഡ് അലമാരകൾ, റാക്കുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.

ഇപ്രാകരമുള്ള അപാകതകൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 അസി.എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹനത്തിന് അനുവദിച്ച വാടകയിൽ നിന്നും ആദാനികുതി ഈടാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 202/24, അസി.എഞ്ചിനീയറുടെ വാഹന വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹307394, വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹307394. |
| കരാറുകാരൻ | ശ്രീ സജി.കെ.എൻ |
| ബിൽ /വൗച്ചർ നം,തിയതി,തുക | 23101252008700172173/07.06.2023-₹5994<br>23101252008700172178/07.06.2023-₹36000<br>23101252008700172182/07.06.2023-₹36000<br>23101252008700269892/04.07.2023-₹36000<br>23101252008700407110/07.08.2023-₹36000<br>23101252008700621340/04.09.2023-₹36000<br>23101252008700723493/04.10.2023-₹36000<br>23101252008700723493/01.11.2023-₹36000<br>23101252008700889239/05.12.2023-₹36000<br>23101252008701031471/06.01.2024-₹13400<br>ആകെ- 307394 |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 323/24, അസി.എഞ്ചിനീയറുടെ വാഹന വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹500000, വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹94600 |
| കരാറുകാരൻ | ശ്രീ സജി.കെ.എൻ |
| ബിൽ /വൗച്ചർ നം,തിയതി,തുക | 23101252008701220533/15.02.2024-₹58600<br>23101252008701031278З/04.03.2024-₹36000<br>ആകെ- 94600 |

1961 ലെ Income Tax Act Rule 194( C ) പ്രകാരം ഒരു ബില്ലിൽ 30000 രൂപയിൽ അധികം വരുന്നതോ ഒരു വർഷത്തിൽ ആകെ 100000 രൂപയിൽ അധികം വരുന്നതോ ആയ തുകകൾ സേവനങ്ങൾക്കായി അനുവദിയ്ക്കുന്ന സാഹചര്യത്തിൽ 1% IT-TDS നടത്തേണ്ടതാണ്. മേൽപ്രകാരം വാടക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ 16 / 18.12.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല ആദായ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രിക്ക്<br>മരുന്ന് വാങ്ങൽ, 61/23-24 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹400000/- മെയിന്റനൻസ്<br>ഫണ്ട്, റോഡിതരം |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം./തീയതി<br>തുക | 23101252009000767520/09.11.23<br>₹400000/- |

ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ₹400000/- മേൽ സൂചിത ബിൽ പ്രകാരം പിൻവലിച്ച് ഹോംകോക്ക് മുൻകൂറായി നൽകിയെങ്കിലും. ₹72429/- യുടെ മരുന്നുകൾ മാത്രമാണ് ഇൻവോയിസ് നം.LF/424/24-25 പ്രകാരം 19.06.2024 ൽ ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമാക്കാനവശേഷിക്കുന്ന ബാക്കി ₹ 327571/-യുടെ മരുന്നുകൾ ലഭ്യമാക്കേണ്ടതും വിവരം അനുബന്ധ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-21 ഇന്റർ ലോക്ക് കട്ട പാകുന്ന പ്രവർത്തിയ്ക്ക് ബാധകമായ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് കരാറിൽ ഉൾപെടുത്തിയിട്ടില്ല.**

I)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 188/24, കൊന്നത്തടി നോർത്ത് അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹98401,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | ₹85533 |
| കരാറുകാരൻ,കരാർ നമ്പർ | ശ്രീ ഷാജി ജോസഫ്, 32/AE/LSGD/KNDY/22-23 Dt.04.02.2023 |
| ബിൽ /വൗച്ചർ നം,തിയതി,തുക | 23101252008700862908/29.11.2023-₹85533 |
| എം.ബുക്ക് നമ്പർ | LSGD/CELSGD/MB/57488/22-5-1-1 |
| ഇനം | Extra Item 1 22.24 Sqm 60mm Paver Block @ 1055.86 =23478 |

II)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 40/24, നാടുകാണി അംഗൻവാടി മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹200000,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | ₹183200 |
| കരാറുകാരൻ,കരാർ നമ്പർ | ശ്രീ ബിജു അഗസ്റ്റിൻ, 25/AE/LSGD/KTDY/23-24 Dt.08.12.2023 |
| ബിൽ /വൗച്ചർ നം,തിയതി,തുക | 231012520087008701312811/04.03.2024-₹90864<br>231012520087008701494415/24.03.2024-₹92336 |
| എം.ബുക്ക് നമ്പർ | LSGD/CELSGD/MB/73487/23-5-1-1 |
| ഇനം | Item 5 47.50 Sqm 60mm Paver Block @ 1055.86 =50156.52 |

Finance (Inspection Wing -Technical) Department ന്റെ 06.04.2022 ലെ 31/2022- Fin നം സർക്കുലർ പ്രകാരം സംസ്ഥാനത്ത് പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2023-24 ൽനടപ്പാക്കിയ പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് വിരിയ്ക്കൽ ഒരിനമായ മേൽ പറഞ്ഞവ ഉൾപ്പെടെയുള്ള പ്രോജക്റ്റുകളിൽ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് പ്രത്യേകം പരാമർശിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ 17/ 18.12.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.ടെണ്ടറിലും കരാറിലും 5 വർഷം ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്

**1-22 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ല.**

ഭവന നിർമ്മാണ ആനുകൂല്യത്തിന്റെ ആദ്യ ഗഡു കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | വിഭാഗം | കൈപ്പറ്റിയ ആനുകൂല്യം₹ /തീയതി |
|---|---|---|---|
| 1 | അശ്വതി പി.എസ്<br>തകിയേൽ,മങ്കുവ | പട്ടിക ജാതി | 40000<br>7.8.2023 |
| 2 | ഗോപാലൻ.സി<br>കുങ്കികുന്നേൽ<br>ചിന്നാർ | പട്ടിക വർഗ്ഗം | 40000<br>14.11.2023 |
| 3 | അനുഷ ജോസഫ്<br>ആപ്പോട്ട്,കൊന്നത്തടി | പട്ടിക വർഗ്ഗം | 40000<br>13.10.2022 |
| 4 | വൽസമ്മ<br>സുകുമാരൻ<br>മറ്റത്തിൽ<br>പനംകുട്ടി | ജനറൽ | 40000<br>23.11.2018 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം കരാർ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കൈപ്പറ്റിയ ആനുകൂല്യം പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-23 പ്രിന്റിംഗ് ചാർജ് - ആദായനികുതി ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 256/24, പദ്ധതി രൂപീകരണം, നിർവ്വഹണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹300000/- തനത്ഫണ്ട് |
| ചെലവ് | ₹57505/- |
| തുക കൈപ്പറ്റിയ വ്യക്തി | ഡിസൈൻ പ്രസ്സ് ,കമ്പിളികണ്ടം |

| | |
|---|---|
| വൗച്ചർ നം, തിയതി, തുക | 22300635/19.10.23 ₹32500<br>222301230/30.03.24 ₹25005<br>ആകെ-₹57505/- |

1961 -ലെ Income Tax Act Rule 194( C ) പ്രകാരം ഒരു ബില്ലിൽ ₹30000/- ൽ അധികം വരുന്നതും ഒരു വർഷത്തിൽ ആകെ ₹100000/- ൽ അധികം വരുന്നതുമായ തുകകൾ സേവനങ്ങൾക്കായി അനുവദിയ്ക്കുന്ന സാഹചര്യത്തിൽ 1% IT-TDS നടത്തേണ്ടതാണ്. 2023-24 ൽ പ്രിന്റിംഗ് ചാർജിനത്തിൽ മേൽപ്രകാരം അനുവദിച്ച തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

നിയമപ്രകാരമുള്ള ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ 22/18.12.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

**1-24 വീട് മെയിന്റനൻസ്-(വനിത) ആവശ്യമായ രേഖകൾ ഇല്ലാതെ ധനസഹായം അനുവദിച്ചിരിക്കുന്നു**

| | |
|---|---|
| പദ്ധതി നമ്പർ | 277/23-24 |
| പദ്ധതി | വീട് മെയിന്റനൻസ്-വനിത |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | ₹1408864/-(വികസന ഫണ്ട് ജനറൽ ) |
| ചെലവ്350000<br>ബിൽ റഫറൻസ് നമ്പർ/തീയതി /തുക350000 | 23101252008801321810<br>29.02.2024<br>₹50000/-<br>23101252008800672780<br>13.09.2024<br>₹350000/- |

വീട് മെയിന്റനൻസ്-വനിത എന്ന പ്രസ്തുത പദ്ധതി പ്രകാരം താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് ₹50,000/- വീതം മേൽ സൂചിത ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര്-വിലാസം | നൽകിയ ധന സഹായം₹ |
|---|---|
| മോളി കുര്യൻ<br>ഇല്ലിക്കൽ<br>പൊൻമുടി | 50000/- |
| എൽസി മാത്യു<br>കണ്ടത്തിൽ<br>മങ്കുവ | 50000/- |

സ.ഉ (കൈ)നം.115/2022/LSGD. തീയതി.25.8.2022 സബ്സിഡി മാർഗ്ഗരേഖയിൽ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ വീട് മെയിന്റനൻസ് ധനസഹായത്തിന് അർഹതയുള്ളുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ ഇതിനാവശ്യമായി ഹാജരാക്കേണ്ട കെട്ടിടത്തിന്റ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് മേൽ സൂചിത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്. സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കാതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/17.12.2024 ) മറുപടി ലഭ്യമാക്കിയില്ല.

**1-25 ആശ്രയ (അഗതിരഹിത കേരളം) പദ്ധതി -ഗണ്യമായ നീക്കിയിരിപ്പ്.**

ആശ്രയ (അഗതിരഹിത കേരളം) പദ്ധതിയിൽ കൊന്നത്തടി കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയുടെ പാസ്സ് ബുക്ക് പ്രകാരം യൂണിയൻ ബാങ്ക് (അക്കൗണ്ട് നമ്പർ3 52502010071326) 05.10.2024 ൽ ₹1184874/- നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത തുക ഏത് പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയിട്ടുള്ളതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം. 24/18.12.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ തുകയാണെങ്കിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ അല്ലാത്തപക്ഷം ഉചിതമായ രീതിയിൽ ക്രമപ്പെടുത്തുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 പാലിയേറ്റീവ് കെയർ നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം. | 171/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | ₹81715/-<br>(പൊതുവിഭാഗം) |
| ചെലവ് തുക<br>ബിൽ നം./ തീയതി | ₹78705/-<br>23101252008900271684,<br>തീയതി 04/07/2023 |

മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം 18/04/2022 മുതൽ 13/02/2023 വരെ Light Refreshment In Connection With Pain & Palliative Review Meeting ന് വേണ്ടി ₹2000/- വീതം 11 മാസത്തെക്ക് ചെലവഴിച്ചതായി ഹോട്ടൽ ഡ്രീംസിന്റെ വൗച്ചറുകളിൽ കാണുന്നു. എന്നാൽ ഈ Review Meeting നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ സാമ്പത്തിക വർഷം നടത്തിയ എല്ലാ Review Meeting യും രേഖകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 70/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | ₹1200000/-<br>(പൊതുവിഭാഗം) |
| ചെലവ് തുക<br>ബിൽനം./ തീയതി | ₹960560/-<br>1) 23101252008901182215, ₹ 15950/-<br>തീയതി 07/02/2024<br>2) 23101252008901182242, ₹ 10500/-<br>തീയതി 07/02/2024 |

മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം പാലിയേറ്റീവ് നഴ്സിന്റെ ഫോൺ അലവൻസ് ആയി 2022 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ ₹200/- പകരം ₹250/-വീതം ആണ് നൽകിയത്, ഓരോ മാസവും ₹50/- അധികമായിട്ടാണ് നൽകിയത്. അധികമായി നൽകിയ തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് നഴ്സിന്റെ നിയമനവുമായി സംബന്ധിച്ച കരാർ ലഭ്യമാക്കിയിട്ടില്ല.

1) 23101252008901182215, ₹15950/-തീയതി 07/02/2024 പ്രകാരം 03/2023 മുതൽ 10/2023 വരെ പാലിയേറ്റീവിന് വേണ്ടി ഓടുന്ന വാഹനത്തിന് ദിവസ വാടകയായി ₹1249/- ആണ് നൽകി വന്നത് എന്നാൽ 01/2024 മുതൽ ₹1450/- ആണ് നൽകിയത്. അധികമായി നൽകിയ തുകയ്ക്ക് വിശദീകരണവും, ഇതു സംബന്ധിച്ച വാടക കരാറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) 23101252008901182242, ₹10500/-തീയതി 07/02/2024 പ്രകാരം 01/12/2023 മുതൽ 31/01/2024 വരെ പാലിയേറ്റീവിന് വേണ്ടി ഓടുന്ന വാഹനത്തിന്റെ ഡ്രൈവർക്ക് ദിവസ വേതനം ഇനത്തിൽ ₹750/- വീതം നൽകിയിരിക്കുന്നു. G.O.(P) NO.29/21/Fin Date 11/02/2021 പ്രകാരം ഡ്രൈവർക്ക് ₹730/-ദിവസ വേതനത്തിന് അർഹതയുള്ളു. മേൽ സൂചിപ്പിച്ച എല്ലാ പരാമർശങ്ങൾക്കും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/18.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച എല്ലാ പരാമർശങ്ങൾക്കും രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-27 ഒരാളുടെ പേരിൽ ഒരു മാസം രണ്ട് ബില്ലുകൾ മാറി പണം നൽകി**

| | |
|---|---|
| പ്രോജക്ട് നം. | 76/24, 170/24 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി |
| അടങ്കൽ തുക | ₹800000/-,₹547564/- (പൊതുവിഭാഗം) |
| ചെലവ് തുക₹ ബിൽ നം./ തീയതി | ₹234000/-, ₹542150/- 23101252008901065742, ₹50000/-തീയതി 11.01.2024 23101252008901065728, ₹17000/- തീയതി 11.01.2024 |

മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആർദ്രം പദ്ധതി പ്രകാരം എഫ് എച്ച് സി യിലെ ഡോക്ടർ, സ്റ്റാഫ് നഴ്സ് എന്നിവർക്ക് ഹോണറേറിയം നൽകൽ എന്ന പ്രോജക്ടിൽ സ്റ്റാഫ് നഴ്സ് ശ്രീമതി വനിതമേരി എസ് - ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ജനുവരി മാസം (11.01.2024 ൽ) രണ്ട് ബില്ലുകൾ (₹50000+₹17000) മാറിയിട്ടുണ്ട്. ഈ ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ആണെങ്കിൽ ഹാജർ പുസ്തകത്തിന്റെ കോപ്പി, എഗ്രിമെന്റ്, എന്നിവ ലഭ്യമാക്കിയിട്ടില്ല. സ്റ്റാഫ് നഴ്സ് ശ്രീമതി വനിതമേരി എസ് -ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ രണ്ട് ബില്ലുകൾ മാറി നൽകിയതിന്റെ വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (11/ 17.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-28 സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകി**

GO(P)NO. 136/22/Fin Date 04/11/2022, GO(P)NO. 23/24/Fin Date 16/03/2024 പ്രകാരം ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജ്ജിതാവധി സറണ്ടർ പണമായി കൊടുക്കുവാൻ ഉത്തരവിൽ ഉള്ളത്, എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 2 ശ്രീ. ബേബി എൻ സി -ക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ ₹30005/- പണമായി നൽകിയിരിക്കുന്നു. (വൗച്ചർ നം. 300176/23.05.2023, ചെക്ക് നം.26864/ 23.05.2023) ആർജ്ജിതാവധി സറണ്ടർ ₹30005/- പണമായി നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.12.2024) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകിയതിനു കാരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

**1-29 യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകിയില്ല.**

| | |
|---|---|
| പ്രോജക്ട് നം. | 237/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) |
| പ്രോജക്ടിന്റെ പേര് | എഫ് എച്ച് സി യിലേക്ക് ലാബ് ഉപകരണങ്ങളും അനുബന്ധ സാധനസാമാഗ്രികളും വാങ്ങൽ |
| അടങ്കൽ തുക | ₹500000/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം./ തീയതി | 1) ₹62994/- 289/25.3.2024<br>2) ₹2500/- 326/27.3.2024 |

1) മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എഫ് എച്ച് സി യിലേക്ക് ലാബ് ഉപകരണങ്ങളും അനുബന്ധ സാധനസാമാഗ്രികളും വാങ്ങൽ എന്ന പ്രോജക്ടിൽ (ബിൽ നം. 289 തീയതി. 25.03.2024) എബിസി ഡൈനോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 21/06/2021 മുതൽ 18/03/2024 വരെ ലാബ് റീജന്റ് വാങ്ങിയ വൗച്ചറുകളിൽ 21/06/2021 ൽ ₹3298/- യുടെ ലാബ് റീജന്റ് വാങ്ങിയ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 14/01/2022 ൽ ₹3978/- യുടെ ലാബ് റീജന്റ് വാങ്ങിയ വൗച്ചറും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മാറേണ്ടതായ ഈ രണ്ട് വൗച്ചറുകളും ഈ സാമ്പത്തിക വർഷം (2023-24) മാറാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. ലാബ് റീജന്റ് വിതരണം ചെയ്ത യഥാർത്ഥ ഗുണഭോക്താവായ എബിസി ഡൈനോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകാതെ മെഡിക്കൽ ഓഫീസർ (പി എച്ച് സി)യുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്തതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) മെഡിക്കൽ ഓഫീസർ (പി എച്ച് സി/എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എഫ് എച്ച് സി യിലേക്ക് ലാബ് ഉപകരണങ്ങളും അനുബന്ധ സാധനസാമാഗ്രികളും വാങ്ങൽ എന്ന പ്രോജക്ടിൽ (ബിൽ നം. 326 തീയതി. 27.03.2024) ലേബർ ചാർജ് ഇനത്തിൽ ശ്രീ. ഷിജോയ് ജോസഫ് എന്ന ആൾക്ക് കൊടുക്കേണ്ടതായ ₹2500/-, ടിയാൾ ബാങ്ക് അക്കൗണ്ട് നമ്പർ നൽകിയിട്ടും തുക അക്കൗണ്ടിൽ നൽകിയില്ല. പദ്ധതി നടപ്പിലാക്കി കഴിഞ്ഞാൽ അതിന്റെ പൂർത്തികരണ സാക്ഷ്യപത്രം കിട്ടിയാൽ യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നേരിട്ട് നൽകണമെന്ന ഗവ: ഉത്തരവ് നം. ജി.ഒ. (പി) 186/2016 ഫിൻ തീയതി 6.12.2018 നിലനിൽക്കെ ആയത് നൽകാതെ മെഡിക്കൽ ഓഫീസർ (പി എച്ച് സി)യുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്തതിന്റെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ (10/17.12.2024) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ₹65494/- (62949+2500) ചെലവ തടസ്സപ്പെടുത്തുന്നു.

**1-30 സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതന ഡ്രൈവർമാർക്ക് അധിക വേതനം നൽകിയിരിക്കുന്നു.നഷ്ടം ₹8680/-**

ദിവസ വേതനം അടിസ്ഥാനത്തിൽ സർക്കാർ ഓഫിസുകളിൽ നിയമിക്കുന്ന ഡ്രൈവർമാർക്ക് GO (P)No.29/2021/Fin.തീയതി 11.02.2021 പ്രകാരം ഒരു ദിവസത്തെ വേതനം ₹730/-ആയി നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിൽ 2023-24 വർഷം നിയമിച്ച താഴെ സൂചിപ്പിക്കുന്ന ഡ്രൈവർമാർക്ക് ₹755/എന്ന നിരക്കിലാണ് ദിവസ വേതനം നൽകിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഡ്രൈവറുടെ പേര് | വേതനം നൽകിയ മാസം | ചെക്ക് നം- തീയതി | നൽകിയ തുക ₹ | നൽകാവുന്ന തുക ₹730/- നിരക്കിൽ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| സാം കെ ജോസഫ് | 03/2023 | 2599/3.4.24 | 20385 (27 X 755) | 19710 | 675 |
| | 04/2023 | 2998/2.5.23 | 14345 (19 X 755) | 13870 | 475 |
| | 05/2023 | 23652/1.6.23 | 16610 (22 X 755) | 16060 | 550 |
| | 06/2023 | 24099/1.7.23 | 18875 (25 X 755) | 18250 | 625 |
| | 07/2023 | 24531/1.8.23 | 15885 (21 X 755) | 15330 | 555 |
| | 08/2023 | 4898/1.9.23 | 15855 (21 X 755) | 15330 | 525 |
| | 09/2023 | 5268/3.1023 | 18120 (24 X 755) | 17520 | 600 |
| | 10/2023 | 5880/1.1123 | 16610 (22 X 755) | 16060 | 550 |
| | 11/2023 | 6336/1.12.23 | 19530 (26x 755) | 18980 | 550 |
| | 12/2023 | 7001/1.1.24 | 17365 (23x 755) | 16790 | 575 |
| | 1/2024 | 466/1.2.24 | 13590 (18x 755) | 13140 | 450 |
| | 2/2023 | 921/1.3.24 | 19630 (26x 755) | 18980 | 650 |
| ജിത്തു ടോമി- (ഹരിത കർമ്മ സേന) | 11/2023 | 6336/1.12.23 | 9815 (13x 755) | 9440 | 325 |
| | 12/2023 | 7001/1.1.24 | 14345 (19x 755) | 13870 | 475 |
| | 1/2024 | 466/1.2.24 | 18120 (24x 755) | 17520 | 600 |
| | 08/2023 | 4898/1.9.23 | 15100 (20 X 755) | 14600 | 500 |

| | |
|---|---|
| ആകെ അധികം നൽകിയത് | ₹8680/- |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദിവസ വേതനത്തിൽ നിയമിച്ച ഡ്രൈവർമാർക്ക് അധികം നൽകിയ തുക ₹8680/-തിരികെ ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/18.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**<u>1-31 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം</u>**

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. 96 ച. കി.മി. വിസ്തീർണമുള്ള ഗ്രാമ പഞ്ചായത്തിൽ 19 വാർഡുകളിൽ ആകെ 7430 വീടുകളും 531 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 29092 ആണ്. 32 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 90 ശതമാനം വാസഗൃഹങ്ങളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

<u>മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ</u>

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളത്. കൊന്നത്തടി ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലാണ് താല്ക്കാലിക എം സി എഫ് ആയി പരിവർത്തനം ചെയ്ത് പ്രവർത്തിക്കുന്നത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണകേന്ദ്രങ്ങളായി എം സി എഫ് 2, മിനി എം സി എഫ് 10 എണ്ണമാണുള്ളത്. സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ എന്നിവയും വാഹന സൗകര്യവും ഉള്ള കമ്പിളികണ്ടം, കൊന്നത്തടി എന്നീ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു.

ടിപ്പിംഗ് ഏരിയ(1000 Sq.Ft), സോർട്ടിംഗ് ഏരിയ(400sq.Ft), സ്റ്റോറേജ് ഏരിയ(400sq.Ft), മെഷീനറി ഏരിയ(1400sqft), ശുചിമുറികൾ, ശുദ്ധജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും എം സി എഫിൽ നിലവിലില്ല. ആയത് പ്രത്യേകമായി വേർത്തിരിച്ചിട്ടില്ല.




കമ്പിളിക്കണ്ടം



കമ്പിളിക്കണ്ടം




കൊന്നത്തടി കമ്മ്യൂണിറ്റി ഹാളിന് സമീപം റോഡരികിൽ പ്ലാസ്റ്റിക് വേസ്റ്റ് നിറച്ച ചാക്കുകൾ കൂട്ടിയിട്ട നിലയിൽ

<u>ഹരിത കർമ സേന പ്രവർത്തനങ്ങൾ</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 32 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസം ഒരു പരിധി വരെ സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കിയതിലൂടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യു.ആർ കോഡ് പതിപ്പിച്ച് അതിലൂടെയുള്ള ഫീസ് പിരിവ് സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് സെഗ്രിക്കേഷൻ നടത്തി എം.സി.എഫ്-ൽ എത്തിച്ച ശേഷം ആർ ആർ എഫിലേക്ക് മാറ്റുന്നു.

